**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1439 11.8.2017-ൽ മറുപടിയ്ക്ക്**

**തുമ്പൂർമുഴി കോളേജ് ഓഫ് ഫുഡ് ടെക്നോളജിയിൽ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.വി.എസ്.സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിൽ 2015-16 അക്കാദമിക്ക് വർഷത്തിൽ പ്രവർത്തനം ആരംഭിച്ച കോളേജ് ഓഫ് ഫുഡ് ടെക്നോളജി, തുമ്പൂർമുഴിയിൽ അദ്ധ്യാപകരെ സ്ഥിരമായി നിയമിക്കുന്നതിനും പഠനത്തിനാവശ്യമായ മുഴുവൻ ഡിപ്പാർട്ട്മെന്റുകളും ആരംഭിക്കുന്നതിന് ആവശ്യമായ കെട്ടിടവും, ലാബ്, ലൈബ്രറി, ഹോസ്റ്റലുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ; | എ) കോളേജിന്റെ അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനും തുടർ പ്രവർത്തനത്തിനുള്ള അനുമതിക്കുമായി 9.5.2017 ന് സർവ്വകലാശാല രജിസ്ട്രാറുടെ ഒരു പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിരുന്നു.എന്നാൽ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തി പ്രൊപ്പോസൽ സമർപ്പിക്കുവാൻ 9.6.2017 ലെ കത്ത് പ്രകാരം രജിസ്ട്രാറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറക്ക് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) പ്രസ്തുത സ്ഥാപനത്തിന് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ അക്രിഡിറ്റേഷൻ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ? | ബി) നിലവിൽ ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർവ്വകലാശാലയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ